**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1155** **12-06-2024 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.<br><br>വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരവും ലഭിച്ച അപ്പീൽ അപേക്ഷകൾ പ്രകാരവും 21913 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും, 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ |

സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4334 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3640 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2256 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 763 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു.

പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20 ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ 128 ഉം കൊല്ലം ജില്ലയിൽ QSS കോളനിയിൽ 114 ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ഇപ്രകാരം 2646 കുടുംബങ്ങൾടെ പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കൂടാതെ പദ്ധതി പ്രകാരമുള്ള 1112 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

<u>നിർമ്മാണത്തിലുള്ള ഫ്ലാറ്റുകൾ</u>

| ഭവന സമുച്ചയം | എണ്ണം | ഭരണാനുമതി തുക<br>(തുക കോടി) |
|---|---|---|
| മണ്ണുംപുറം | 204 | 21.0 |
| മുട്ടത്തറ | 400 | 81.0 |
| നിറമരുതൂർ | 16 | 2.10 |
| വെസ്റ്റ്ഹിൽ | 80 | 13.54 |
| പൊന്നാനി | 100 | 14.33 |
| കോയിപ്പാടി | 144 | 23.20 |
| കടകംപള്ളി | 168 | 37.62 |

കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. സമീപ ഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്. വിവിധ തീരദേശ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണ ഭോക്താക്കൾക്കായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 76.92 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം 200 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 50 കോടി രൂപയും ഉൾപ്പെടെ 250 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ആകെ 83.75 കോടി രൂപയും 2023-24 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ ആകെ 30 കോടി രൂപയും 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 40 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1ആയി ചേർക്കുന്നു.<br><br>പദ്ധതി പ്രവർത്തനത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 153.75 കോടി രൂപയും ഉൾപ്പെടെ 403.75 കോടി രൂപ അനുവദിക്കുകയും 371.50 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം ഭവന സമുച്ചയ നിർമ്മാണത്തിനായി 76.92 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര ഗുണഭോക്താക്കളെ മാറ്റിപ്പാർപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് വ്യക്തിഗത ഭവനം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നാളിതുവരെ പുനർഗേഹം പദ്ധതിയിലൂടെ മാറി താമസിച്ച കുടുംബങ്ങളുടെയും വ്യക്തിഗത ഭവനം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെയും ജില്ല തിരിച്ചുള്ള കണക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു<br><br>തിരുവനന്തപുരം:- പുനർഗേഹം പദ്ധതി പ്രകാരം 763 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 615 കുടുംബങ്ങൾക്ക് വ്യക്തിഗത ഭവനം അനുവദിച്ചിട്ടുണ്ട്.<br><br>കൊല്ലം:- പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ 404 (114 ഫ്ലാറ്റ് ഉൾപ്പെടെ) ഗുണഭോക്താക്കളെ മാറ്റിപ്പാർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ 290 പേർക്ക് വ്യക്തിഗത ഭവനം അനുവദിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ:- ആലപ്പുഴ ജില്ലയിൽ പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ 554 ഗുണഭോക്താക്കൾ ധനസഹായം പൂർണ്ണമായും കൈപ്പറ്റുകയും ഇതിൽ 297 ഗുണഭോക്താക്കൾ പദ്ധതി പ്രകാരം മാറി താമസിക്കുകയും ചെയ്തിട്ടുണ്ട്. 554 ഗുണഭോക്താക്കളും വ്യക്തിഗത ഭവനത്തിന് ആനുകൂല്യം കൈപ്പറ്റിയവരാണ്.<br><br>എറണാകുളം:- എറണാകുളം ജില്ലയിൽ പുനർഗേഹം പദ്ധതി പ്രകാരം 93 ഗുണഭോക്താക്കൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുള്ളതും ഇതിൽ 66 വ്യക്തികൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. കൂടാതെ മേൽ ഗുണഭോക്താക്കളിൽ 62 പേർ പുതിയ ഭവനങ്ങളിലേക്ക് മാറി താമസിച്ചിട്ടുണ്ട്.<br><br>തൃശ്ശൂർ:- പുനർഗേഹം പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ പദ്ധതി ആനുകൂല്യം പൂർണ്ണമായും അനുവദിച്ചിട്ടുള്ള 286 ഗുണഭോക്താക്കളിൽ നാളിതുവരെ 274 പേർ മാറി താമസിച്ചിട്ടുണ്ട്. 274 പേരും വ്യക്തിഗതഭവനങ്ങളാണ്.<br><br>മലപ്പുറം:-മലപ്പുറം ജില്ലയിൽ പുനർഗേഹം പദ്ധതി പ്രകാരം നാളിതുവരെ 258 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ട്. വ്യക്തിഗത ഭവന നിർമ്മാണത്തിൽ ഏർപ്പെട്ട 344 ഗുണഭോക്താക്കളിൽ 130 കുടുംബങ്ങൾ മാറി താമസിച്ചിട്ടുണ്ട്.<br><br>കോഴിക്കോട്:- പുനർഗേഹം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ 137 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 74 ഗുണഭോക്താക്കളെ വ്യക്തഗത ഭവനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കണ്ണൂർ:--കണ്ണൂർ ജില്ലയിൽ നാളിതുവരെ പുനർഗേഹം പദ്ധതി പ്രകാരം 50 ഗുണഭോക്താക്കളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. ഇതിൽ 27 ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനം അനുവദിച്ചിട്ടുണ്ട്.<br><br>കാസർഗോഡ്:-കാസർഗോഡ് ജില്ലയിൽ പുനർഗേഹം പദ്ധതിയിലൂടെ 41 കുടുംബങ്ങളെ വ്യക്തിഗത ഭവന നിർമ്മാണം പൂർത്തീകരിച്ച് പുനരധിവസിപ്പിച്ചിട്ടുണ്ട്. 45 കുടുംബങ്ങളുടെ വ്യക്തിഗത ഭവന നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| (സി) | ഫ്ലാറ്റുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| വർഷം | അനുവദിച്ച തുക | ആകെ അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2019-20 | 2000000000 | 2500000000 | 2500000000 |
| 2020-21 | 0 | | |
| 2021-22 | 500000000 | | |

### ബഡ്ജറ്റ് വിഹിതം

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|
| 2022-23 | 837500000 | 837262752 | 237248 |
| 2023-24 | 300000000 | 299797493 | 202507 |
| 2024-25 | 400000000 | 78150458 | 321849542 |
| **ആകെ** | **1537500000** | **1215210703** | |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

## കേരളസംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മാണ ജോലികൾ നടക്കുന്ന ഫ്ലാറ്റുകൾ

| ക്രമ നമ്പർ | പദ്ധതി | നിലവിലെ അവസ്ഥ | പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയ്യതി |
|---|---|---|---|
| 1 | മണ്ണംപുറം ഫ്ലാറ്റ് സമുച്ചയം (204 വ്യക്തിഗത ഫ്ലാറ്റുകൾ) | സിവിൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിൽ | 31.12.2024 |
| 2 | കോഴിക്കോട്, വെസ്റ്റ് ഹില്ലിൽ 80 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണം | പ്രവൃത്തി പുരോഗമിക്കുന്നു | 30.06.2025 |

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണ ജോലികൾ നടക്കുന്ന ഫ്ലാറ്റുകൾ

| ക്രമ നമ്പർ | പദ്ധതി | നിലവിലെ അവസ്ഥ | പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയ്യതി |
|---|---|---|---|
| 1 | തിരുവനന്തപുരം, മുട്ടത്തറ (400 എണ്ണം) | പ്രവൃത്തി 55% ത്തോളം പുരോഗമിച്ച് വരുന്നു. | 07.02.2025 |
| 2 | മലപ്പുറം, ഉണ്ണ്യാൽ (16 എണ്ണം) | 80% പ്രവൃത്തി പൂർത്തീകരിക്കുകയും വൈദ്യുതീകരണ പ്രവൃത്തികൾ 70 % പൂർത്തീകരിച്ചിട്ടുണ്ട്. | 31.08.2024 |
| 3 | മലപ്പുറം പൊന്നാനി II ഫേസ് (100 എണ്ണം) | സിവിൽ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. | 31.07.2025 |
| 4 | കാസർഗോഡ് കോയിപ്പാടി (144 എണ്ണം) | സിവിൽ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു | 31.12.2025 |

Schethe

സെക്ഷൻ ഓഫീസർ